ദീപിക
ജൂലൈ 04 തിങ്കൾ

ആലുവ കോടതി ബിഎസ്എൻഎൽ കെട്ടിടത്തിലേക്ക് മാറ്റുന്നു

Deepika Ekm
04-7-22

ആലുവ: പുതിയ കോടതി കെട്ടിട സമുച്ചയ നിർമാണത്തിന് മുന്നോടിയായി ആലുവയിലെ മൂന്ന് കോടതികൾ സമീപത്തെ ബിഎസ്എൽഎൽ കെട്ടിടത്തിലേക്ക് മാറ്റാൻ നടപടികൾ ആരംഭിച്ചു. നിലവിൽ പ്രവർത്തിക്കുന്ന ടെലിഫോൺ എക്ചേഞ്ച്, ഉപഭോക്തൃ വിഭാഗം എന്നിവ നിലനിർത്തിയാണ് പ്രധാന കെട്ടിടത്തിൽ കോടതി താത്കാലികമായി പ്രവർത്തിക്കുക.

രണ്ട് മജിസ്ട്രേറ്റ് കോടതികളും ഒരു മുൻസിഫ് കോടതിയുമാണ് സബ് ജയിലിന് സമീപമുള്ള ആലുവ കോടതിയിൽ പ്രവർത്തിക്കുന്നത്. ആലുവയ്ക്ക് അനുവദിച്ച പോസ്കോ കോടതി സീനത്ത് ജംഗ്ഷനിലെ താത്ക്കാലിക കെട്ടിടത്തിലാണ് കഴിഞ്ഞ വർഷം മുതൽ പ്രവർത്തിക്കുന്നത്.



പുതിയ കെട്ടിടം നിർമിക്കാനായി പൊളിച്ചുമാറ്റുന്ന കോടതി കെട്ടിടം.

നിലവിലുള്ള കോടതിയും മജിസ്ട്രേറ്റുമാരുടെ ക്വാർട്ടേഴ്സും പ്രവർത്തിക്കുന്ന 85 സെന്റ് സ്ഥലത്ത് പഴയ കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞാണ് പുതിയ കോടതി നിർമിക്കുക. എൺപതിനായിരം ചതുരശ്ര അടി വിസ്തീർണമുള്ള അഞ്ചു നില കെട്ടിട സമുച്ചയത്തിന് 12 കോടിയാണ് പ്രതീക്ഷിക്കുന്ന ചെലവ്.

പുതിയ കോടതി കെട്ടിടത്തിനുള്ള രൂപരേഖ പൊതുമരാമത്ത് വകുപ്പാണ് തയാറാക്കിയത്. മജിസ്ട്രേട്ടുമാർക്കായി ഫ്ലാറ്റ് മാതൃകയിലുള്ള ക്വാർട്ടേഴ്സ് കെട്ടിട സമുച്ചയത്തോട് ചേർന്നാണ് രൂപരേഖയിലുള്ളത്. അതിൽ മാറ്റം വരാൻ നിർദേശം വന്നതിനാൽ പുതിയ കെട്ടിട പ്ലാൻ തയാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്.

അപ്പോഴേയ്ക്കും ബിഎസ്എൻഎൽ കെട്ടിടം കൈമാറുന്ന നടപടികൾ പൂർത്തിയാകുമെന്നാണ് അധികൃതരുടെ പ്രതീക്ഷ. ഡിജിറ്റൽ സാങ്കേതിക വിദ്യ വന്നതോടെ കെട്ടിടത്തിന്റെ പല ഭാഗങ്ങളും വെറുതെ കിടക്കുകയാണ്. അതിനാൽ കെട്ടിട വാടകയിലൂടെ ആധികവരുമാനം ലഭിക്കുന്നതിനാൽ ബിഎസ് എൻഎൽ അനുകൂല നിലപാടിലാണ്. ഡൽഹിയിലെ ഓഫീസിന്റെ അനുമതിയാണ് ഇനി വേണ്ടത്. കോടതിക്ക് സമീപം ഈ എസ്ഐ റോഡിലാണ് ബിഎസ്എൻഎൽ ഓഫീസ് കെട്ടിടം പ്രവർത്തിക്കുന്നത്.



ാ കൺവൻഷൻ ഹൈക്കോ
ാടനം ചെയ്യുന്നു.

ചടിപ്പിച്ചു

ൻട്രൽ ഹ്യൂമൻ റൈറ്റ്സ്
ിച്ച ദേശീയ കൺവൻഷ
ജിത്കുമാർ ഉദ്ഘാടനം
ദ്ധ്യക്ഷത വഹിച്ചു. മനു
ഥ് മുഖ്യപ്രഭാഷണം നട
ുറിച്ച് സംസ്ഥാന വനിതാ
ംസ്ഥാന സെക്രട്ടറി അ
ിപ്പി ട്രഷറർ ഷറഫു
ിക്കേ ാ വിൻസെന്റ്, ജ

...തിനെട്ടാമത്ത ...ാൽദാനം നടത്തി



ം ...ൺ എംഎൽഎയുടെ അതിജീവനം പദ്ധതിയിൽ ഉൾപ്പെടു
ിച്ചു നൽകുന്ന പതിനെട്ടാമത്തെ വീടിന്റെ താക്കോൽദാനം പാറക്കട
യത്തിലെ കുറുമശേരിയിൽ റോജി എം. ജോൺ എംഎൽഎ നിർ
ിച്ചു.

...ി ജോർജ്, ജില്ലാ
ത്ത സ്റ്റാൻഡിംഗ് കമ്മി
ർമാൻ എം.ജെ. ജോമി,
സാബു , പി.പി. ജോയി
ുയം, എസ്.ബി. ചന്ദ്രശേ
ുർ, സി.പി. തരിയൻ, ഫാ. ജോസഫ് മൈപ്പാൻ, എം.കെ. സുരേഷ്; എ.പി. അശോകൻ, സുബിത് സൂര്യൻ, ഗംഗാധരൻ, എം.കെ. ദാസൻ, വി.പി. ശിവൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

നൈപുണ്യ കോളേജിലെ കംപ്യൂട്ടർ സയൻസ് വകുപ്പും കൊരട്ടി ഗ്രാമപഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച ഇ-സാക്ഷരത പരിശീലന പരിപാടി ഡോ. ജിജു പി. അലക്സ് ഉദ്ഘാടനം ചെയ്യുന്നു.

പൊതുജനങ്ങൾക്ക് ഇ-സാക്ഷരതാ പരിശീലനം

അങ്കമാലി: നൈപുണ്യ കോളേജിലെ കംപ്യൂട്ടർ സയൻസ് വകുപ്പും കൊരട്ടി ഗ്രാമപഞ്ചായത്തും സംയുക്തമായി നടത്തുന്ന ഇ-സാക്ഷരത പരിശീലന പരിപാടി നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജിയിൽ ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ ഉദ്ഘാടനം കേരള സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. ജിജു പി. അലക്സ് നിർവഹിച്ചു.

കോളജ് എക്സിക്യൂട്ടീവ് ഡയറക്ടറും പ്രിൻസിപ്പലുമായ റവ. ഡോ. കെ.ജെ. പോളിന്റെ സാന്നിധ്യത്തിൽ കൊരട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.സി. ബിജു യോഗത്തിൽ അധ്യക്ഷത വഹിച്ചു. കൊരട്ടി ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ഷൈനി ഷാജി, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. കെ.ആർ. സുമേഷ്, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കുമാരി ബാലൻ, വിദ്യാഭ്യാസ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ നൈനു റിച്ചു, വാർഡ് മെമ്പർ പോൾസി ജിയോ, കംപ്യൂട്ടർ സയൻസ് വകുപ്പ് മേധാവി എസ്. ജയകൃഷ്ണൻ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

മലയാറ്റൂർ സെന്റ് തോമസ് പള്ളിയിൽ ദുക്റാന
ഫാ. വർഗീസ് മണവാളൻ നിർവഹിക്കുന്നു.

മലയാറ്റൂർ പള്ളിയിൽ (

മലയാറ്റൂർ : മലയാറ്റൂർ സെന്റ് തോമസ് പ
കുരിശുമുടിയിലും ദുക്റാന തിരുനാൾ അ
ച്ചു. താഴത്തെ പള്ളിയിൽ കുർബാന, തിര
ർബാന, ഏഴ് യൂണിറ്റ് കുടുംബാംഗങ്ങളായ
നാമധാരികളുടെ കാഴ്ചയർപ്പണം എന്നി
അറുപതു കൊല്ലമായി 'കുരിശുമുടിയിലേ
കയറ്റുന്ന മറിയം ഔസേഫ് മലക്കുടിയെ
ആദരിച്ചു.

ഉപന്യാസ മത്സര വിജയികളുടെ പ്രഖ്
സമ്മാനദാനവും നടത്തി. തുടർന്ന് നാട്ടു
തോമാശ്ലീഹയുടെ ചിത്രം വരച്ച ഷാരോ

...പാഷിപ്പിക്കാൻ സർക്കാർ ...ബദ്ധം: മന്ത്രി പി. രാജീവ്

മിതി അധ്യക്ഷ ജയശ്രീ ഗോപീ
കൃഷ്ണൻ, വാർഡ് കൗൺസിലർ വി.ബി. ജഞ്ജാർ, കൊങ്ങോർപ്പിള്ളി സർവീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡൻർ കെ.ജി. ഹരി, നീറിക്കോട് സർവീസ് കോ- ഓ

മെഡിസെപ്പിലെ അവ്യക്ത പരിഹരിക്കണം: കെപിവ

കോതമംഗലം: മെഡിസെപ്പിൽ നിലവിൽ വ്യക്തതയില്ലാത്ത അവസ്ഥയാണെന്നും സർക്കാർ അടിയന്തിര ഇടപെടൽ നടത്തി ചികിത്സാ സൗകര്യം ഉറപ്പുവരുത്തണമെന്നും തട്ടേക്കാട് പക്ഷിസങ്കേതത്തിൽ നടക്കുന്ന കെപിഎസ്ടിഎ ജില്ലാ ക്യാമ്പ് സർക്കാരി